# പതിനാലാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2400

17.08.2017 ന് മറുപടിയ്ക്ക്.

## വന്യജീവികളുടെ ആക്രമണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ്.പി | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) മനുഷ്യരും വന്യജീവികളുമായി ഉണ്ടാകുന്ന സംഘർഷം കൂടി വരുന്നതായ പഠന റിപ്പോർട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (എ) മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷങ്ങളും, അവ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങളും, ആയതിന്റെ കാരണങ്ങളും പഠിക്കുവാൻ 01.02.2011-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നം.04/2011/വനം പ്രകാരം പത്തംഗ കമ്മിറ്റിയെ നിയോഗിച്ചിരുന്നു. ടി കമ്മിറ്റി 03.05.2011-ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കൃഷിയിടങ്ങളിൽ നാശം വരുത്തുന്ന കാട്ടുപന്നികളെ വെടിവെച്ച് കൊല്ലുവാൻ കർഷകർക്ക് അനുവാദം നൽകി 17.06.2011, 23.06.2011, 04.08.2012, 19.03.2013, 17.11.2014 എന്നീ തീയതികളിൽ ഉത്തരവ് പുറപ്പെടുവിച്ചത്. |
| (ബി) വന്യജീവികളുടെ ആക്രമണം മൂലം കൃഷിനാശം സംഭവിക്കുന്നവർക്കും ആൾനാശം സംഭവിക്കുന്ന കുടുംബങ്ങൾക്കും നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥയുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ? | (ബി) ഉണ്ട്. വന്യജീവി ആക്രമണം മൂലം ജീവനും സ്വത്തിനും നേരിടുന്ന നഷ്ടത്തിന് നഷ്ടപരിഹാരം നൽകുന്നതിന് 1980-ൽ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലുള്ള ചട്ടങ്ങൾ പ്രകാരം നല്കിവരുന്ന നഷ്ടപരിഹാരത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

Latheef

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | കഷ്ടനഷ്ടങ്ങളുടെ സ്വഭാവം | നിലവിലെ നഷ്ടപരിഹാരത്തുക (രൂപ) | ഏറ്റവും ഒടുവിൽ തുക വർദ്ധിപ്പിച്ച ഉത്തരവിന്റെ വിശദാംശങ്ങൾ |
|---|---|---|---|
| 1 | വന്യജീവി ആക്രമണം മൂലമുള്ള മരണം | 5 ലക്ഷം രൂപ | സർക്കാർ ഉത്തരവ് (എം.എസ്) നം.96/2014/വനം തീയതി 17.11.2014. |
| 2 | വനത്തിനു പുറത്തു വച്ചുള്ള പാമ്പുകടി മൂലമുള്ള മരണം | 1 ലക്ഷം രൂപ | |
| 3 | വന്യജീവി ആക്രമണം മൂലമുള്ള സ്ഥായിയായ അംഗഭംഗം | പരമാവധി 75,000/- രൂപ | സർക്കാർ ഉത്തരവ് (എം.എസ്) നം.32/2013/വനം തീയതി 22.03.2013. |
| 4 | വന്യജീവി ആക്രമണം മൂലം മനുഷ്യർക്കുണ്ടാകുന്ന പരിക്ക് | പരമാവധി 75,000/- രൂപ പട്ടിക വർഗ്ഗക്കാർക്ക് പരിധിയില്ലാതെ ചികിത്സക്ക് ചെലവായ മുഴുവൻ തുകയും നൽകും. (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ) | |
| 5 | വന്യജീവി ആക്രമണം മൂലമുള്ള വീട് നഷ്ടം, കന്നുകാലി നഷ്ടം | നഷ്ടത്തിന്റെ 100% (പരമാവധി 75,000/- രൂപ) | |
| 6 | വന്യജീവി ആക്രമണം മൂലമുള്ള വിളനാശം, | നഷ്ടത്തിന്റെ 100% (പരമാവധി 75,000/- രൂപ) | സർക്കാർ ഉത്തരവ് (എം.എസ്) നം.32/2013/വനം തീയതി 22.03.2013, സർക്കാർ ഉത്തരവ് (എം.എസ്) നം.02/2015/വനം തീയതി 08.01.2015. |

Latheesh
സെക്ഷൻ ഓഫീസർ.